# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1784 08.06.2018-ൽ മറുപടിയ്ക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ജി.എസ്.ടി. യിലെ അപാകത

| ചോദ്യം<br><br>ശ്രീ.മോൻസ് ജോസഫ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ജി.എസ്.ടി. യുമായി ബന്ധപ്പെട്ട അപാകതയും ന്യൂനതയും പരിഹരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉറപ്പുകൾ പാലിക്കാത്ത സാഹചര്യം പരിശോധിക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ജി.എസ്.ടി സംബന്ധിച്ച അപാകതകളും ന്യൂനതകളും പരിഹരിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ജി.എസ്.റ്റി ചട്ടങ്ങൾക്കനുസൃതമായി നടപ്പിൽ വരുത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ബില്ലുകൾ ബാങ്കുകൾ മുഖേന നൽകുന്ന സാഹചര്യം പരിശോധിക്കുമോ. | (ബി) | നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ബില്ലുകൾ ഐ.കെ.എം ന്റെ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് ബാങ്കുകൾ മുഖേനയാണ് നൽകി വരുന്നത്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാർക്കും ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തുമോ; പ്രാദേശിക വിപണി നിരക്ക് കരാർ പണിയുടെ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിക്കുമോ. | (സി) | കരാറുകാരുടെ ബില്ലുകൾ ബാങ്കുകൾ മുഖേന നൽകുന്നതിനാൽ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തേണ്ട ആവശ്യമില്ലാത്തതാണ്. ഡൽഹി ഷെഡ്യൂൾഡ് റേറ്റ്സ് |

| | | | |
|---|---|---|---|
| | | | (ഡി.എസ്.ആർ) ൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങൾക്ക് പ്രാദേശിക വിപണി നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കുന്നതല്ല. |
| (ഡി) | ജി.എസ്.ടി. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം എഞ്ചിനീയർമാർ പാലിക്കാത്ത സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ? : | (ഡി) | ജി.എസ്.ടി കോമ്പൻസേഷൻ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് ജി.ഒ (പി) 87/2017/എൽ.എസ്.ജി.ഡി തീയതി 01/11/2017 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അതു പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ ഉൾപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ